## ശബ്ദവ്യാപാരങ്ങൾ

ശബ്ദം അത് കേൾക്കുന്നവനിൽ അർത്ഥമുണർത്തുന്നു. ആ ശബ്ദം ആ അർത്ഥത്തെതന്നെ ഉണർത്തിയത്, ആ അർത്ഥത്തെ അത്തരത്തിൽ മറ്റൊരു ശബ്ദം ഉണർത്താത്തത് അവയ്ക്ക് തമ്മിൽ പിരിയാനാവാത്ത ബന്ധമുള്ളതുകൊണ്ടാണ്. തലമുറകളിലൂടെ പകർന്നു ഒരു സമൂഹത്തിൽ ഉറച്ചതാണീ ബന്ധം. വാഗർത്ഥങ്ങളുടെ ഈ ബന്ധത്തെ അർദ്ധനാരീശ്വരയോഗത്തോട് ഉപമിച്ചിട്ടുണ്ട് കാളിദാസൻ.

മനസ്സിന്റെ വ്യാപാരങ്ങൾ പരിച്ഛിന്നങ്ങളല്ല; അതുകൊണ്ടുതന്നെ മനസ്സിലുദിക്കുന്ന അർത്ഥങ്ങളും അനിയതങ്ങളാകും. 'തീകൊണ്ട് കളിക്കരുത്' - ഇതൊരു വാർത്തയുടെ തലവാചകമാണ്. അപകടകരങ്ങളായ വികാരങ്ങളെ ഉദ്ദീപിക്കരുത് എന്നാണ് വിവക്ഷ. എന്നാൽ തീ എന്ന പദത്തിന് ഇങ്ങനെയൊരർത്ഥം കോശത്തിലില്ല. സാഹചര്യത്തിനനുസരിച്ച് വാക്കുകൾക്ക് അനേകം അർത്ഥതലങ്ങളുണ്ടാകുന്നു എന്നതാണ് വസ്തുത. ഈ സൗകര്യം ഉപയോഗിച്ചാണ് കവികൾ വാങ്മയചിത്രങ്ങൾ മെനയുന്നത്.

കാർമുകിലൊത്ത നിൻ കൂന്തലിൽ ചീറ്റുന്ന
കാളസർപ്പങ്ങളൊളിച്ചിരിപ്പൂ....

-പാടുന്ന പിശാച്

ഇവിടെ മുടിക്കെട്ടിൽ തെരഞ്ഞാൽ സർപ്പങ്ങളെ കിട്ടില്ല.

എവിടെന്റെ കിനാക്കൾ വിരിച്ചോരിടി
മിന്നല് പൂക്കും വാനം?

എന്ന് കടമ്മനിട്ട ചോദിക്കുമ്പോൾ മാനത്ത് പൂക്കുന്ന കിനാക്കൾ അർത്ഥതലത്തിൽ നിന്നുയർന്നൊരു ചിത്രമായി മാറി അനവധി ഭാവതലങ്ങൾ നമ്മിലുണർത്തുന്നു.

തന്നെ വരിഞ്ഞ വിലക്കുകളുടെ ഉരുക്കുകവചം പൊട്ടിച്ചെറിഞ്ഞ് വാക്കുകൾ ഇവിടെ സ്വതന്ത്രരാക്കുന്നു. ഈ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 'മാഗ്നാകാർട്ട' യാണ് ആനന്ദവർധന്റെ ധ്വന്യാലോകം. 'വാക്കുകൾ ഉയിർകൊള്ളുന്നത് മനസ്സുകളിലാണ്, കോശങ്ങളിലല്ല'-ഇതാണ് മുഖ്യം.

ഇത്തരത്തിലുള്ള അവ്യക്തതകൾക്കിടയിലും ഭാഷ മൗലികമായ രണ്ടു ധർമ്മങ്ങൾ നിർവ്വഹിക്കുന്നു-ആശയവിനിമയം, ഭാവസംവേദനം. ചില പൊതുനിയമങ്ങൾക്കധീനമായി പ്രവർത്തിക്കുന്നതുകൊണ്ട് ഭാഷയ്ക്ക് ഈ ധർമ്മങ്ങൾ രണ്ടും നിർവ്വഹിക്കാൻ കഴിയുന്നു. ശബ്ദവ്യാപാരങ്ങളെപ്പറ്റിയുള്ള ചർച്ച പ്രസക്തമാകുന്നതിവിടെയാണ്.

വിവിധശാസ്ത്രശാഖകൾ താന്താങ്ങൾക്കഭിമതങ്ങളായ ശബ്ദവ്യാപാരങ്ങളെ അംഗീകരിച്ചു പൊതുസമ്മതിയുള്ളവ മൂന്നെണ്ണമാണ്-അഭിധാ, ലക്ഷണാ, വ്യഞ്ജനാ.

**അഭിധാ**-മുഖ്യമായ അർത്ഥത്തെ (Primary meaning) ബോധിപ്പിക്കുന്ന വ്യാപാരം അഭിധ. നൈയായികരുടെ അഭിപ്രായത്തിൽ പദത്തെ അർത്ഥത്തോടു ബന്ധപ്പെടുത്തുന്നത് ഈശ്വരന്റെ ഇച്ഛയാണ്.

ശാസ്ത്രശാഖകളെല്ലാം തന്നെ അഭിധയെ സ്വീകരിച്ചിട്ടുണ്ട്. കോശത്തിലുള്ള നിശ്ചിതാർത്ഥത്തിനുമപ്പുറം ഉദ്ദിഷ്ടാർത്ഥം വരെ പ്രവർത്തിക്കാൻ അഭിധയ്ക്ക് കഴിയുമെന്ന് മീമാംസകർ വാദിക്കുന്നു. ശബ്ദവും ശരവും ഒരുപോലെയാണത്രെ. മാർച്ചട്ടമുറിച്ച് മാറുപിളർന്ന് പ്രാണനെടുക്കും വരെയാണ് ശരവേഗം. ശബ്ദവും അങ്ങിനെതന്നെ. വക്താവിന്റെ താത്പര്യം വരെയുണ്ട് ശബ്ദത്തിന് പ്രവൃത്തി.

എന്നാൽ അനിയതമായി അർത്ഥത്തെ ഇങ്ങിനെ നീട്ടിയാൽ ആശയവിനിമയത്തിന്റെ അടിത്തറയിളകും. അതുകൊണ്ട് ഒരു വ്യാപാരം ഒരർത്ഥത്തെ മാത്രം നൽകുന്നു, അർത്ഥാന്തരങ്ങളുണ്ടെങ്കിൽ വേറെ വ്യാപാരങ്ങൾ വേണം എന്നാണ് പൊതുവെ അംഗീകരിച്ചിരിക്കുന്ന സിദ്ധാന്തം.

**ലക്ഷണാ**-പ്രധാനമായ അർത്ഥമിണങ്ങാത്തിടത്ത് അതിനോട് ചേർന്നൊരു അർത്ഥം കിട്ടുന്നു. അതിന് കാരണം ലക്ഷണാ. തീ എന്ന ആർത്ഥം സന്ദർഭത്തിൽ യോജിക്കുന്നില്ല, അപ്പോൾ തീപോലെ എന്ന് സാദൃശ്യം സ്വീകരിക്കുന്നു.

മുഖ്യാർത്ഥബാധേ തദ്യോഗേ
രൂഢിതോഥ പ്രയോജനാത്
അന്യോർത്ഥോ, ലക്ഷ്യതേ യത്
സാ ലക്ഷണാ, ആരോപിതാ ക്രിയാ

ഈ അർത്ഥം പദത്തിനുള്ളതല്ല, കൃത്യമായി ആരോപിച്ചതാണ്. എന്നത് പ്രധാനം. ഇത്തരത്തിൽ ആരോപിക്കുന്നതിന് മൂന്ന് വ്യവസ്ഥകൾ വേണം-ബാധ, യോഗം, രൂഢീ/പ്രയോജനം

i. മുഖ്യാർത്ഥബാധ-അഭിധേയാർത്ഥത്തിൽ അന്വയിക്കാൻ വിഷമം-മുഖ്യാർത്ഥാന്വയാനുപപത്തി. ചിലപ്പോൾ അന്വയത്തിന് തടസ്സമില്ലെങ്കിലും ഉദ്ദേശിച്ച അർത്ഥം പൂർണമായില്ലെങ്കിൽ ലക്ഷണ വേണം. ഉപഗുപ്തനെ തന്റെ പ്രണയമറിയിക്കാനയച്ച സഖി തിരിച്ചെത്തിയപ്പോൾ വാസവദത്ത ചോദിക്കുന്നത് ശ്രദ്ധിക്കുക-

എനിക്ക് സന്ദേഹമില്ലയിക്കുറി, യോർക്കിലപ്പുമാൻ
മാനുഷനാണല്ലോ, നീയും ചതുരയല്ലോ.

ഉപഗുപ്തൻ മനുഷ്യനാണ് എന്ന് പറയുന്നിടത്ത് അർത്ഥത്തിന് തടസ്സമില്ല, എന്നാൽ വാസവദത്ത ഉദ്ദേശിച്ചത് മുഴുവനായില്ല. ഒരു യുവതിയുടെ തീക്ഷ്ണപ്രണയത്തോട് അനുകൂലമായി പ്രതികരിക്കുക എന്നതാണ് മനുഷ്യസാധാരണമായ പുരുഷധർമ്മം. ഇത്തരം വികാരങ്ങൾക്കതീതനല്ലാത്തവൻ എന്ന് വരെയുണ്ട് അവളുടെ മനോഗതം. 'കാകേഭ്യോ ദധി രക്ഷ്യതാം- എന്നാണ് സംസ്കൃതത്തിലെ ഉദാഹരണം. ഇത്തരം സാഹചര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നതിന് മുഖ്യാർത്ഥബാധയ്ക്ക് അന്വയാനുപപത്തി എന്ന പ്രാചീനാർത്ഥത്തെ താത്പര്യാനുപപത്തി എന്ന് നവീനർ പരിഷ്ക്കരിക്കുന്നു.

ii. മുഖ്യാർത്ഥയോഗം-സ്വീകരിക്കപ്പെടുന്ന രണ്ടാമത്തെ അർത്ഥം പ്രധാനാർത്ഥത്തോട് ബന്ധപ്പെട്ടതായിരിക്കണം. അഞ്ചുവിധമാണ് ബന്ധം-മുഖ്യാർത്ഥത്തോട് സാമീപ്യം, സാരൂപ്യം, സമവായം, വൈപരീത്യം, ക്രിയായോഗം.

അഭിധേയനേ സാമീപ്യാത് സാരൂപ്യാത് സമവായതഃ
വൈപരീത്യാത് ക്രിയയോഗാത് ലക്ഷണാ പഞ്ചധാ മതാ.

iii. പ്രയോജനം/രൂഢി-കാര്യം നേരെയങ്ങ് പറയാതെ മുഖ്യാർത്ഥം തെറ്റിച്ച് പ്രയോഗിക്കുന്നത് അങ്ങിനെ ആയാലേ ഉദ്ദിഷ്ടാർത്ഥം ശക്തിയായി തറയ്ക്കൂ എന്നു തോന്നുന്നതുകൊണ്ടാണ്. തീപോലെ എന്ന് പരത്തിപറഞ്ഞാൽ കിട്ടുന്നതിലധികം തീക്ഷ്ണത തീ എന്നു അഭേദത്തിലുണ്ട്. ഇങ്ങനെ വ്യക്തമായ പ്രയോജനമുള്ളിടത്തേ ലക്ഷണ വരൂ. പ്രയോജനാംശം വ്യംഗ്യമാണ്. പ്രയോജനമില്ലാതേയും ചിലപ്പോൾ മുഖ്യാർത്ഥത്തിലല്ലാതെ പ്രയോഗിക്കാം. ലാവണ്യം എന്ന പദം സൗന്ദര്യമെന്ന അർത്ഥത്തിൽ ഉറച്ചിരിക്കുന്നു; മുഖ്യാർത്ഥമാണെങ്കിലോ ഉപ്പ് എന്നും. പ്രയോജനാപേക്ഷ ഇല്ലാത്ത ഇത്തരം പ്രയോഗങ്ങളെ രൂഢീലക്ഷണ എന്ന് പറയുന്നു.

ഇവിടെ ഉപ്പ് എന്ന അർത്ഥത്തിലേക്ക് ശ്രോതാവിന്റെ ശ്രദ്ധ തിരിയുന്നുപോലുമില്ല. അതുകൊണ്ട് സൗന്ദര്യം എന്ന പ്രസിദ്ധമായ അർത്ഥം തന്നെ മുഖ്യമായ അർത്ഥവും. അതിന് ബാധയില്ലാത്തതിനാൽ ഇവിടെ ലക്ഷണ ആവശ്യമില്ല, അഭിധ മാത്രം മതി എന്നും ഒരു മതമുണ്ട്.

**വ്യഞ്ജനാ**

ഭാവസംവേദനമാണ് കവിതയുടെ ധർമ്മം, ഭാവങ്ങളാണെങ്കിൽ അമൂർത്തങ്ങളും. വാക്കാൽ പറയുമ്പോൾ ആ അനുഭവം ഉണ്ടാകില്ല. 'തന്നതില്ല പരനുള്ളു കാട്ടുവാൻ ഒന്നുമേ നരനുപായമീശ്വരൻ' എന്ന് ഭാഷയുടെ അപൂർണതയോർത്ത് കവികൾ തേങ്ങുന്നതതുകൊണ്ടാണ്. വാക്കാൽ അറിയിക്കാൻ കഴിയാതെ വരുമ്പോൾ ഭാവങ്ങളെ ധ്വനിപ്പിക്കണം. വാക്കുകൾ അർത്ഥനിവേദകങ്ങകൾ മാത്രമല്ല, ഭാവവ്യഞ്ജകങ്ങൾ കൂടി ആകണം.

മുഖ്യാർത്ഥത്തെ തടഞ്ഞോ അതിനോട്ചേർന്നോ വ്യംഗ്യാർത്ഥം വരാം. ആദ്യത്തേത് ലക്ഷണാമൂലധ്വനി, രണ്ടാമത്തേത് അഭിധാമൂലധ്വനി.

1. ആർദ്രമീധനുമാസരാവുകളിലൊന്നിൽ
ആതിരവരും പോകുമല്ലേ സഖീ, ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ, നീയെ-
ന്നണിയത്തു തന്നെ നിൽക്കൂ, ഇപ്പഴങ്കൂ
ടൊരു ചുമയ്ക്കടിയിടറി വീഴാം.

സഫലമീയാത്ര-കക്കാട്

കണവന്നായുസ്സ് നീട്ടാൻ സുമംഗലികൾ ആർദ്രവ്രതമനുഷ്ഠിക്കുന്ന ധനുമാസരാത്രി. 'വരുംകൊല്ലം ആരെന്നുമെന്തെന്നുമാർക്കറിയാം' എന്ന ഉത്കണ്ഠ. ജനലഴി പിടിച്ചുനിന്ന് വൃദ്ധന്നൂന്നുവടിപോലായ തന്റെ സഖിയോട് ചേർന്നു നിൽക്കാൻ പറയുമ്പോൾ 'പഴങ്കൂട്' ഒരു ജീവിതയാത്രയുടെ മുഴുവൻ പ്രതീകമായി മാറുന്നു. കൂട്ടിലെ കിളി എന്ന ഔപനിഷദമായ ആത്മസങ്കൽപം ഈ ഭാവത്തെ ദാർശനികമായ ഒരു തലത്തിലേക്കുയർത്തുന്നു.

സാങ്കേതികാർത്ഥത്തിൽ ഇത് ലക്ഷണാ മൂലധ്വനിയാണ്.

പഴങ്കൂട്-മുഖ്യാർത്ഥബാധ, സാരൂപ്യംകൊണ്ട് ലക്ഷ്യാർത്ഥം-ജീർണ്ണശരീരം. മേൽപറഞ്ഞ അനുഭൂതി പ്രയോജനം.

2. ടാഗോറിന്റെ പ്രേമഗീതങ്ങളിലൊരു ഭാഗം-

> അത് എന്നോട് പറയൂ! രഹസ്യമായി എന്നോടു മാത്രം പറയൂ!
> ഇത്ര മൃദുലമായി പുഞ്ചിരിതൂകുന്ന നീ
> ഏറ്റവും പതുക്കെ എന്നോട് മന്ത്രിക്കൂ;
> എന്റെ ഹൃദയമാണത് കേൾക്കുക, കാതുകളല്ല.
>
> രാത്രി അഗാധമായി ഭവനം, നിശ്ശബ്ദമായിരിക്കുന്നു;
> പക്ഷിക്കൂടുകൾ നിദ്രയാൽ ആവൃതങ്ങളായിരിക്കുന്നു.
> ഇടറി വരുന്ന കണ്ണീരിലൂടെ,
> അഞ്ചിപ്പുറത്തേയ്ക്ക് വരുന്ന പുഞ്ചിരിയിലൂടെ,
> വേദനയിലൂടെ,
>
> നിന്റെ നെഞ്ചകത്തുള്ള രഹസ്യം എന്നോടു പറയൂ....

ഈ തരുണി ആരെന്നോ ചോദിക്കുന്നയതാരെപ്പറ്റിയെന്നോ അറിയണ്ടാ, ഹൃദയം പൊട്ടുന്ന ഉദ്വേഗവും, മിഴികളിലെ രാഗദീപ്തിയും അനുഭവിക്കാൻ. ഈ അനുഭവമാണ് രസം-ഇവിടെ അഭിധാമൂലമായ ധ്വനി.

'ഗംഗയാം ഘോഷഃ' എന്ന പ്രസിദ്ധമായ ഉദാഹരണമെടുത്ത് ശബ്ദവ്യാപാരങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം.

| | | | | | |
|---|---|---|---|---|---|
| i. | മുഖ്യാർത്ഥം | - | അഭിധാ | - | ഗംഗയിൽ ഇടയക്കുടിൽ |
| ii. | ലക്ഷ്യാർത്ഥം | - | ലക്ഷണാ | - | ഗംഗയുടെ തീരത്ത് ഇടയക്കുടിൽ |
| iii. | വ്യംഗ്യാർത്ഥം | - | വ്യഞ്ജനാ | - | ശൈത്യപാവനത്വപ്രതീതി |

നൈയായികർക്ക് വ്യഞ്ജന വേണ്ട, ഈ മൂന്നാമത്തെ അർത്ഥം അനുമിക്കാം, മീമാംസകർക്കിത് താത്പര്യത്തിൽപ്പെടും. സാഹിത്യകാരന് വ്യഞ്ജന-ധ്വനി-തന്നെയാവണം, അവർക്കതാണ് ആത്മാവ്.